(12) തൃത്താല മണ്ഡലത്തിലെ റോഡുകൾ റിപ്പയർ ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. വി.കെ. ചന്ദ്രൻ : സർ, തൃത്താല നിയോജക മണ്ഡലത്തിലെ ഒ.ഡി.ആർ., എം.ഡി.ആർ. റോഡുകളെല്ലാം തകർന്ന് യാത്രായോഗ്യമല്ലാതായിരിക്കുകയാണ്. തൃത്താല നിയോജകമണ്ഡലം മലപ്പുറം, തൃശ്ശൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന ഒരു പ്രദേശമാണ്. ഈ ജില്ലകളിൽക്കൂടി പോകുന്ന വാഹനങ്ങൾ ഈ മണ്ഡലത്തിലൂടെയാണ് കടന്നുപോകേണ്ടത്. ഈ മണ്ഡലത്തിലെ ഒ.ഡി.ആർ., എം.ഡി.ആർ. റോഡുകളായിട്ടുള്ള മൽത്തൂർ വട്ടുളിക്കാവ് റോഡ്, വരണ്ട കുറ്റിക്കടവ്-പട്ടാമ്പിറോഡ്, പാലത്തറ-കുട്ടമുണ്ട തീരദേശ റോഡ്, പട്ടാമ്പി-ആമയൂർ റോഡ്, എഴമങ്ങാട്-കുറകളത്ത് റോഡ്, പെരിങ്ങോട്-ചാലിശ്ശേരി വളയംകുളം റോഡ്, തണ്ണീർകോട്-നടുവട്ടം റോഡ് തുടങ്ങിയ റോഡുകളും ഈ മണ്ഡലത്തിന്റെ തൊട്ടടുത്തുകിടക്കുന്ന ദേശമംഗലം റോഡുമൊക്കെ നാശമായിക്കിടക്കുകയാണ്. ഈ റോഡുകൾ അടിയന്തിരമായി റിപ്പയർ ചെയ്ത് യാത്രായോഗ്യമാക്കി മാറ്റാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇലക്ഷൻ അടുത്തതോടുകൂടി റോഡുകളുടെ കുഴികൾ കൂടിവരുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിൽ കുറേ വർക്കുകൾക്ക് ഇതിനകം ടെൻഡർ വിളിച്ചുകഴിഞ്ഞു. തൃത്താല -കുമ്പിടി, കൊറ്റനാട്-തൃത്താല, കൊറ്റനാട്-തൃത്താല II-ാം ഘട്ടം, പെരിമ്പിലാവ്-നിലമ്പൂർ, പാലക്കാട്-പൊന്നാനി, വരണ്ടക്കുറ്റിക്കടവ്-പട്ടാമ്പി, മുതുമല -ചെറുകടവ് എന്നീ റോഡുകളുടെ മോശമായ ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ തീർക്കുവാൻ വേണ്ടി ടെൻഡർ വിളിച്ചിട്ടുണ്ട്. ഇവിടെ പറഞ്ഞിട്ടുള്ള മറ്റു റോഡുകളുടെ കാര്യത്തിലും അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(13) തിരുവനന്തപുരം ഈസ്റ്റിലെ ആറാമട ചർച്ച്-കുന്നപ്പുഴ എൽ.പി.എസ്. റോഡിന്റെ പണി

ശ്രീ. ബി. വിജയകുമാർ : സർ, തിരുവനന്തപുരം ഈസ്റ്റ് നിയോജക മണ്ഡലത്തിലെ ന്യൂ എം.എൽ.എ. റോഡ് സ്കീമിൽപ്പെട്ട ആറാമട-കുന്നപ്പുഴ എൽ.പി.എസ്. റോഡിന്റെ പണി നിർത്തിവച്ചിരിക്കുകയാണ്. 3/4 ഭാഗം പണി പൂർത്തിയായി. ഇനി 1/4 ഭാഗം പണി പൂർത്തിയാകാനുണ്ട്. കലുങ്കുകൾ, ഓട, റീട്ടെയിനിംഗ് വാൾ എന്നിവ നിർമ്മിക്കുന്നതുസംബന്ധിച്ച ബാൻ ഓർഡറിന്റെ അടിസ്ഥാനത്തിലാണ് പണികൾ നിർത്തിവച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഈ റോഡിന്റെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ആവശ്യം ഇല്ലാത്ത സ്ഥലങ്ങളിൽ കലുങ്കുകളും റീട്ടെയിനിംഗ് വാളും കെട്ടുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ ലെവലിൽ പരിശോധിച്ച് ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്താൽ, ആവശ്യമുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടാൽ അതിനു പ്രത്യേകമായി അനുമതി കൊടുക്കുന്നുണ്ട്. അനാവശ്യമായ വർക്കുകൾ ഒഴിവാക്കുവാൻവേണ്ടിയാണ് ബാൻ ഏർപ്പെടുത്തിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച റീച്ചിന്റെ പണികൾ പെട്ടെന്ന് തീർക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(14) പാലാ ഗവൺമെന്റ് ആശുപത്രിയുടെ ബഹുനില കെട്ടിടം തുറന്നുകൊടുക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ.എം. മാണി : സർ, പാലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ബഹുനില കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകൾ മാത്രം അവശേഷിക്കുന്നു. അതിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട കെ.എം. മാണി ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടുദിവസംമുമ്പ് അവിടത്തെ എം.പി.യുടെ ഒരു നിവേദനവും ലഭിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണം, വാട്ടർ സപ്ലൈ തുടങ്ങിയ വർക്കുകൾ തീർക്കുന്നതിന് ആവശ്യമായ ഫണ്ട് അലോട്ട് ചെയ്യാൻ ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(15) പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചതിൽ അർഹമായ പരിഗണന ലഭിച്ചില്ല എന്ന പരാതി

ശ്രീ. നാലകത്ത് സൂപ്പി : സർ, പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചതിൽ മുസ്ലീം വിഭാഗം അടക്കമുള്ള പിന്നോക്ക വിഭാഗങ്ങളോട് ഈ ഗവൺമെന്റ് നീതിപൂർവ്വമായ ഒരു സമീപനം സ്വീകരിച്ചില്ലായെന്ന് പരാതി ഉയർന്നുവന്നിട്ടുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ മുസ്ലീം സംഘടനകൾ, ജനസംഖ്യയുടെ 25 ശതമാനം വരുന്നവർ ഒന്നിച്ച് ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. ആദ്യം പ്രസിദ്ധീകരിച്ച 178 സ്കൂളുകളിൽ 14 സ്കൂളുകൾക്ക് മാത്രം പ്ലസ് ടൂ കിട്ടിയപ്പോൾ, അതു ബോധ്യപ്പെടുത്തിയപ്പോൾ പരിഹരിക്കാമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിനായി, 48 സ്കൂളുകൾ വീണ്ടും അനുവദിച്ചപ്പോൾ അതിൽ 8 സ്കൂളുകൾ മാത്രമാണ് ഈ വിഭാഗത്തിന് അനുവദിച്ചത്. മുസ്ലീം കമ്മ്യൂണിറ്റിക്ക് മാത്രമല്ല, ഈഴവ കമ്മ്യൂണിറ്റിക്കും പരാതിയുണ്ട്. അവർ കോടതിയിൽ പോയിരിക്കുകയാണ്. കത്തോലിക്കാ സമൂഹത്തിന് അവരുടേതായ പരാതിയുണ്ട്. പ്രൊഫഷണൽരംഗത്ത് അൺഎയ്ഡഡ് മേഖലയിൽ പ്ലസ് ടൂ അനുവദിക്കണമെന്ന് അവരും പരാതിപ്പെട്ടിട്ടുണ്ട്. അങ്ങനെ എല്ലാ സമുദായക്കാരും, എല്ലാ വിഭാഗങ്ങളും, വിദ്യാഭ്യസമേഖലയിലുള്ള മുഴുവൻ ആളുകളും, എയ്ഡഡ് മേഖലകളിലുള്ള മുഴുവൻ ആളുകളും ഇന്ന് പ്രതിഷേധത്തിന്റെ വക്കിലാണ്. മുസ്ലീങ്ങൾ മുസ്ലീം വിദ്യാഭ്യാസസംരക്ഷണസമിതി രൂപീകരിക്കുകയും എല്ലാ ഡി.ഡി. ഓഫീസുകൾക്കുമുമ്പിലും പ്രതിഷേധ സൂചകമായി 19-ാം തീയതി ധർണ്ണനടത്തുകയും ചെയ്തു. ഇന്നലെ കരിദിനം എന്നുള്ള നിലയ്ക്ക് മുസ്ലിം സ്കൂളുകൾ അടച്ചിട്ട് സമരം നടത്തി. ആ വിഷയം ഇന്നലെ അവതരിപ്പിക്കുവാൻ സാധിക്കാതെ പോയി. ഏതായാലും ഇന്ന് അവതരിപ്പിക്കുന്നു. ഇന്ന് നമ്മൾ പിരിയുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്. ഈ കാര്യത്തിൽ വളരെ നീതിപൂർവ്വമായ സമീപനം സ്വീകരിക്ക

LIBRARY ARCHIVES Kerala Legislative Assembly